## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3132** **13/03/2017-ൽ മറുപടിയ്ക്ക്**

## ഹോർട്ടി കോർപ്പിലെ പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) | ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം ആനയറയിലെ ജില്ലാ സംഭരണ കേന്ദ്രത്തിൽ കൃഷിമന്ത്രിയുടേയും ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകൾ ആണ് കണ്ടെത്തിയിട്ടുള്ളത്; | എ)<br>&<br>ബി) | ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം ആനയറയിലെ ജില്ലാ സംഭരണ കേന്ദ്രത്തിൽ കൃഷി മന്ത്രിയുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ, തമിഴ് നാട്ടിൽ നിന്നും ഗുണനിലവാരമില്ലാത്ത പച്ചക്കറി വാങ്ങുന്നതും, പ്രാദേശിക കർഷകരുടെ കാർഷികോല്പന്നങ്ങൾ വാങ്ങാതിരിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നത് ഉൾപ്പെടെ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയും അന്നത്തെ മാനേജിംഗ് ഡയറക്ടറായ ഡോ. എം. സുരേഷ് കുമാറിനെ തൽസ്ഥാനത്ത് നിന്നും മാറ്റുകയും റീജിയണൽ മാനേജരുടെ ചുമതല വഹിച്ചിരുന്ന ശ്രീ.സി.മധുസൂദനനെ സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുകയും ചെയ്തു. പ്രസ്തുത പരിശോധനയുടെ തുടർ നടപടിയായി ആനയറ കാർഷിക മൊത്തവ്യാപാര വിപണിയുടെ പ്രവർത്തനം സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെൽ മുഖേന അന്വേഷണം നടത്തിവരുന്നു. അതോടൊപ്പം ഹോർട്ടികോർപ്പിന്റെ ഇക്കഴിഞ്ഞ അഞ്ച് വർഷത്തെ പച്ചക്കറി സംഭരണവും വിതരണവും സംബന്ധിച്ച് വിജിലൻസ് (പോലീസ്) മുഖേന അന്വേഷണം നടത്തിവരികയാണ്. |
| ബി) | പ്രസ്തുത പരിശോധനയുടെ തുടർനടപടികളായി സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | | |
| സി) | ഇപ്പോഴും പ്രസ്തുത കേന്ദ്രത്തിൽ തമിഴ് നാട്ടിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികൾ യഥേഷ്ടം സംഭരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | സി) | ഹോർട്ടികോർപ്പ് കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ മാത്രമാണ് അന്യ സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്നത്, എന്നതാണ് സർക്കാരിന്റെ നയം. |

സെക്ഷൻ ഓഫീസർ